(എ) കേരളത്തിലെ മതഭാഷാ ന്യൂനപക്ഷമായ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ ക്ഷേമത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത സമുദായം നടത്തുന്ന സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുമെന്നുള്ള തീരുമാനം എന്നാണ് പ്രാബല്യത്തിൽ വന്നത്;

(സി) എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് സീറ്റുകൾ ഏറെ വർദ്ധിച്ച സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിനുള്ള സംവരണം ഓരോ സീറ്റ് എന്നത് രണ്ട് എന്ന് വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് കേരളത്തിലെ പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം അംഗീകരിക്കപ്പെട്ട സംവരണ തത്വമാണ് മെഡിക്കൽ/എഞ്ചിനീയറിംഗ് അഡ്മിഷന് ആധാരം. ആംഗ്ലോ ഇന്ത്യൻ/ജ്യൂസ് സമുദായങ്ങൾക്ക് ഒന്നിടവിട്ട വർഷങ്ങളിൽ യഥാക്രമം ഒരു സീറ്റ് എം.ബി.ബി.എസിന് നീക്കി വച്ചിട്ടുണ്ട്. നിലവിലുള്ള സംവരണത്തോത് മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

42(47) ഉപസംവരണ വ്യവസ്ഥ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉദ്യോഗനിയമനങ്ങളിൽ 6.2.1957 വരെ നിലവിലുണ്ടായിരുന്ന ഉപസംവരണ വ്യവസ്ഥ നിർത്തലാക്കിയതിനെ തുടർന്ന് ബന്ധപ്പെട്ട ബഹുഭൂരിപക്ഷം സമുദായങ്ങൾക്കും സാമൂഹ്യനീതിയും അവസരസമത്വവും ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, ഉദ്യോഗമണ്ഡലങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഗവൺമെന്റ് നിയമിച്ച ഡോ. ബാബു വിജയനാഥ് ഏകാംഗ കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിരവധി സമുദായങ്ങൾക്ക് തങ്ങളുടെ ജനസംഖ്യാനുപാതികമായി ഉദ്യോഗ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന വസ്തുത ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉദ്യോഗപ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമാന്തര വിഭാഗങ്ങൾക്ക് അവസരസമത്വം ലഭിക്കുവാൻ ഉപസംവരണം പുനസ്ഥാപിക്കണമെന്നുള്ള കമ്മീഷന്റെ ശുപാർശ നടപ്പിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉപസംവരണം പുനഃസ്ഥാപിച്ച് നടപ്പിലാക്കുന്നതിനു വേണ്ടി കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒ.പി.3794/95-ന്റെ വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സാമൂഹ്യനീതിയും അവസരസമത്വവും പ്രാവർത്തികമാക്കുവാനായി ഉപസംവരണം പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ). ഉണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഇടയിൽ ഉദ്യോഗ നിയമനങ്ങളിലുള്ള അസന്തുലിതാവസ്ഥയെക്കുറിച്ചുള്ള ഒരു താരതമ്യപഠനം കീർത്താഡ്സ് നടത്തിവരികയാണ്. ഡോ. ബാബു വിജയനാഥ് കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷമുള്ള സ്ഥിതി കൂടി കണക്കിലെടുത്താണ് ഈ പഠനം നടത്തിവരുന്നത്.

(ഡി) ഉണ്ട്.

(ഇ) കീർത്താഡ്സ് ഈ വിഷയത്തിൽ നടത്തുന്ന പഠന റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

48 മുതൽ 51 വരെയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

43(52) അതിഥി സൽക്കാരത്തിന് ചെലവഴിച്ച തുക

ശ്രീ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും അതിഥി സൽക്കാരത്തിന് എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ ഗവൺമെന്റ് ക്യാബിനറ്റ് യോഗങ്ങളിൽ ലഘുഭക്ഷണം നൽകിയ വകയിൽ എന്ത് ചെലവ് വേണ്ടി വന്നിട്ടുണ്ട്?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 60,176/- രൂപ.

44(53) നിയമസഭയിലേക്ക് നടന്ന പൊതു തെരഞ്ഞെടുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

* അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly